**മധുരമായ കുട്ടികളേ, ദേഹാഭിമാനത്തിൽ വരുമ്പോൾ തന്നെയാണ് വികർമ്മമുണ്ടാകുന്നത്, അതുകൊണ്ട് പ്രതിജ്ഞ ചെയ്യൂ, മറ്റെല്ലാ സംഗങ്ങളും വിട്ട് ഒരു ബാബയുടെ കൂടെ ഇരിക്കും.**

**ചോദ്യം:** പ്രകൃതിയുടെ ഏതൊരു കളിയാണ് മനുഷ്യർ ഈശ്വരന്റെ കളിയാണ് എന്ന് കരുതുന്നത്?
**ഉത്തരം:** ഡ്രാമയനുസരിച്ചു വരുന്ന പ്രകൃതി ക്ഷോഭങ്ങളെല്ലാം പ്രകൃതിയുടെ കളിയാണ്, വിനാശ സമയത്തുണ്ടാകുന്ന ഒരു തിരമാലയിൽ തന്നെ സർവ്വ ഭൂഖണ്ഡങ്ങളും ദ്വീപുകളും തകർന്നു പോകുന്നു, ഈ സമയത്തും അതിന്റെ റിഹേഴ്സലുകൾ നടക്കുന്നുണ്ട്, ഇതെല്ലാം പ്രകൃതിയുടെ കളിയാണ്. പക്ഷെ മനുഷ്യർ കരുതുകയാണ് ഇതെല്ലാം ഈശ്വരന്റെ കളിയാണെന്ന്. ബാബ പറയുകയാണ്, ഞാൻ ആർക്കും ഒരു നിർദ്ദേശവും നൽകുന്നില്ല, ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്.

**ഗീതം:** എൻ ഹൃദയ കവാടത്തിൽ വന്നവനാരോ.........

**ഓം ശാന്തി** – ആര് വന്നു, അർത്ഥം ആരുടെ ഓർമ്മയാണ് വന്നത്? അല്ലാതെ ഇങ്ങനെയല്ല, ഹൃദയത്തിൽ വന്നിരുന്നു, അങ്ങിനെയാണെങ്കിൽ സർവ്വവ്യാപിയായി മാറും. അല്ല, ആരുടെ ഓർമ്മയാണ് വന്നത്? അകാലമൂർത്തി, ആരെയാണോ കാലന് വിഴുങ്ങാൻ കഴിയാത്തത്. സിഖുകാർക്ക് അകാല-ഇരിപ്പിടമുണ്ട്, അവരുടെ പക്കൽ അകാലി ആൾക്കാരുമുണ്ട്. അവർ സ്വയം മനസ്സിലാക്കുന്നില്ല സിഖ് ധർമ്മം പ്രവൃത്തി മാർഗ്ഗത്തിന്റേതാണെന്ന്. ഒരേയൊരു ആദി സനാതന ദേവീ-ദേവതാ ധർമ്മം മാത്രമാണ് പ്രായലോപമായിരിക്കുന്നത്. മറ്റേത് സന്യാസ ധർമ്മമാണ്, അത് നിവൃത്തിമാർഗ്ഗമാണ്. വീടും കുടുംബവും വിട്ട് പരിധിയുള്ള സന്യാസം ചെയ്ത് പവിത്രമായിരിക്കുന്നു. കാട്ടിലാണെങ്കിൽ തീർച്ചയായും പവിത്രമായിരിക്കും. ഓരോ ധർമ്മത്തിന്റേയും ആചാരരീതികൾ വേറെ വേറെയാണ്. പഠനവും വേറെയാണ്. അത് നിവൃത്തിമാർഗ്ഗത്തിന്റെ ധർമ്മമാണ്, അവരെ ഫോളോ ചെയ്യുന്നവർക്കും വീടും കുടുംബവും വിട്ട് കാഷായവസ്ത്രം ധരിക്കേണ്ടി വരും. എന്നാൽ അവർ പറയാറുണ്ട് കുടുംബത്തിലിരുന്നും ജ്ഞാനം സ്വീകരിക്കാൻ കഴിയുമെന്ന്, പക്ഷെ അത് ജ്ഞാനമല്ല. സന്യാസിക്ക് അങ്ങിനെ ചെയ്യിപ്പിക്കാനും കഴിയുകയില്ല. സത് ഗതി നൽകുന്നവരെയാണ് വാസ്തവത്തിൽ ഗുരു എന്നു പറയുന്നത്. അത് ഒന്നുമാത്രമേയുള്ളൂ. ഗുരുനാനാക്കും ശിക്ഷണങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. അവരും ഒരു പരമാത്മാവിന്റെ മഹിമയാണ് പാടുന്നത്. ഓങ്കാരം, അകാലമൂർത്തി, നിങ്ങൾക്ക് ഇപ്പോൾ ആ അകാലമൂർത്തിയുടെ അഥവാ പരമപിതാ പരമാത്മാവിന്റെ തന്നെ ഓർമ്മയാണുള്ളത്. മഹിമ പാടാറുണ്ട് അകാലമൂർത്തി, അയോനി എന്നെല്ലാം. സ്വയംഭൂ അർത്ഥം സൃഷ്ടികർത്താവ് എന്നാണ്. നിർഭയൻ, നിർവൈർ, അകാലമൂർത്തി . . . . . .സത്ഗുരു പ്രസാദ്, ജപസാഹേബ്, ഇതെല്ലാം മഹിമയാണ് – പരമപിതാ പരമാത്മാവിന്റെ. അകാലമൂർത്തിയേയും ആദരിക്കുന്നു. അവർ തന്നെയാണ് പറയുന്നത് ആദി സത്യയുഗം സത്യം..... പിന്നെ ഇതും പറയുന്നു അഴുക്കു വസ്ത്രം . . പതിതപാവനൻ അർത്ഥം അഴുക്കുവസ്ത്രം അലക്കുന്നവൻ, വൃത്തിയാക്കുന്നു, അതുകൊണ്ടാണ് അദ്ദേഹത്തിന്റെ മഹിമ പാടുന്നത്. പിന്നെ പറയുന്നു അശംഖ് ചോർ(നിർഭയനായ കള്ളൻ), ഹറാം ഖോർ(തെറ്റായ കർമ്മം നിഷിദ്ധം) എന്നെല്ലാം. ഇതെല്ലാം ഈ സമയത്തെ മഹിമയാണ്. പിന്നെ, നാനാക്ക് പറയുന്നു, നീച ചിന്തകൾ ചെയ്ത്. . .പിന്നീട് അദ്ദേഹത്തിനു മുകളിൽ ബലിയുമർപ്പിക്കുന്നു. തീർച്ചയായും അദ്ദേഹം വന്നിട്ടുണ്ട്, അതുകൊണ്ടാണ് ബലിയർപ്പണം ചെയ്യുന്നത്. ബാബ പറയുകയാണ്, ഞാൻ ശപിക്കപ്പെട്ടവരുടേയും, വേശ്യകളുടേയും, സന്യാസിമാരുടേയും ഉദ്ധാരണം ചെയ്യുവാനാണ് വരുന്നത്. അങ്ങിനെയാണെങ്കിൽ തീർച്ചയായും എല്ലാവരും പതിതരാണ്. ഇതെല്ലാം പരിധിയില്ലാത്ത കാര്യങ്ങളാണ്, തീർച്ചയായും പരിധിയില്ലാത്ത അധികാരി വന്നായിരിക്കും ഇതെല്ലാം മനസ്സിലാക്കിത്തരുന്നത്. ബ്രഹ്മാ-വിഷ്ണു-ശങ്കരൻ, എല്ലാം എന്റെ രചനയാണ്. ബ്രഹ്മാവു മുഖേന ആദിസനാതന-ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന, ശങ്കരൻ മുഖേന അനേക ധർമ്മങ്ങളുടെ വിനാശം ചെയ്യിപ്പിക്കുന്നു. മറ്റ് വരുന്നവരെല്ലാം തന്നെ അവരവരുടെ ധർമ്മമാണ് സ്ഥാപിക്കുന്നത്. അല്ലാതെ ആ ഗുരുക്കന്മാർ ആർക്കും സത്ഗതി നൽകുന്നില്ല. ആരുടെ സത്ഗതിയാണ് ചെയ്യുക, അവരുടെ വംശത്തിന്റെ തന്നെ പൂർണ്ണമായ വൃദ്ധിയുണ്ടായിട്ടില്ലെങ്കിൽ പിന്നെയെങ്ങിനെ സത്ഗതി ചെയ്യും? ബാബ പറയുകയാണ് ഞാൻ ആദിസനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപനയും അധർമ്മത്തിന്റെ വിനാശവും ചെയ്യിപ്പിക്കുന്നു. ഈ സമയത്ത് എല്ലാവരും തമോപ്രധാന പാപാത്മാക്കളായി മാറിയിരിക്കുകയാണ്. പരിധിയില്ലാത്ത സൃഷ്ടിയിലെ അഭിനേതാക്കളായ മനുഷ്യർക്ക് സൃഷ്ടിചക്രം എങ്ങിനെ കറങ്ങുന്നുവെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. ഇപ്പോൾ ബാബ വന്ന് നമ്മെ തൃകാലദർശികളാക്കി മാറ്റിയിരിക്കുകയാണ്. ഇതും മനസ്സിലാക്കുന്നു, തീർച്ചയായും ബാബ

വന്ന് സ്വർഗ്ഗം, സത്യയുഗത്തിന്റെ സ്ഥാപന ചെയ്യുകയും അസത്യഖണ്ഡത്തിന്റെ വിനാശവും ചെയ്യുമെന്ന്. സത്യഖണ്ഡത്തിന്റെ സ്ഥാപന ചെയ്യുന്നവൻ തീർച്ചയായും സത്യമായിരിക്കുമല്ലോ. ഈ കാര്യങ്ങളെല്ലാം ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. എല്ലാവർക്കും ധാരണ ചെയ്യാൻ കഴിയുകയില്ല, കാരണം ദേഹാഭിമാനം വളരെയുണ്ട്. എത്രയും ദേഹീയഭിമാനിയാകുന്നുവോ, സ്വയത്തെ അശരീരി ആത്മാവെന്നു മനസ്സിലാക്കുന്നുവോ, ബാബയെ ഓർമ്മിക്കുന്നുവോ, അത്രയും ധാരണയുണ്ടാകും. ദേഹാഭിമാനിക്ക് ധാരണയുണ്ടാകുകയില്ല. യോഗം കൊണ്ടാണ് ആത്മാവിന്റെ പാപങ്ങൾ ഭസ്മമാകുന്നത്. പകലാണെങ്കിൽ ദേഹബോധത്തിലിരിക്കുന്നു, പിന്നെ എപ്പോൾ ദേഹീ-അഭിമാനിയാകുന്നതിന്റെ അഭ്യാസം ചെയ്യാൻ കഴിയും?

ബാബ പറയുകയാണ് ഉറക്കത്തെ ജയിക്കുന്നവരായി മാറൂ. ബാബ എത്ര നല്ല കാര്യങ്ങളാണ് മനസ്സിലാക്കിത്തരുന്നത്. എന്നാൽ മുരളി കേൾക്കാത്ത കുട്ടികൾ പോലുമുണ്ട്. പഠനം മുഖ്യമാണ്. എന്തുതന്നെയായാലും മുരളി തീർച്ചയായും വായിക്കണം. എന്നാൽ ഇങ്ങനെയുമാകരുത്, വികാരങ്ങളിൽ വീണുകൊണ്ടുമിരിക്കുക, മുരളി ചോദിച്ചുകൊണ്ടുമിരിക്കുക. ഉറപ്പ് നൽകാത്തതുവരേയും മുരളി നൽകാൻ പാടില്ല. മുരളി വായിക്കാത്തവരുടെ ഗതി എന്തായിരിക്കും. നല്ല-നല്ല കുട്ടികളും മുരളി കേൾക്കുന്നില്ല, ലഹരി കയറുകയാണ്. അല്ലെങ്കിൽ ഒരു ദിവസം പോലും മുരളി മുടക്കരുത്. ധാരണയുണ്ടാകുന്നില്ലായെങ്കിൽ കാരണം ദേഹാഭിമാനമാണ്. അങ്ങിനെയുള്ളവർക്ക് ഉയർന്ന പദവി ലഭിക്കുകയില്ല. ബാബ നല്ലരീതിയിൽ മനസ്സിലാക്കിത്തരുന്നുണ്ട്, കുട്ടികളും മനസ്സിലാക്കിക്കൊടുക്കണം. ബാബയ്ക്ക് പുറത്ത് പോകാൻ കഴിയുകയില്ല. ബാബ കുട്ടിളോടെ പറയുകയുള്ളൂ. ഈ വലിയ അമ്മയും ഗുപ്തമാണ്. ശക്തികൾക്ക് പുറത്ത് പോകാൻ കഴിയും. പുറത്തുള്ളവർ കോൺഫ്രൻസുകൾ നടത്താറുണ്ട്, പക്ഷെ അതിൽ ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ പ്രതിനിധികളൊന്നുമുണ്ടാകാറില്ല. ഇതും മനസ്സിലാക്കിക്കൊടുക്കണം. മറ്റ് ധർമ്മപിതാക്കൾ വരുന്നവർ കേവലം ധർമ്മസ്ഥാപന മാത്രമേ ചെയ്യുന്നുള്ളൂ, അധർമ്മത്തിന്റെ വിനാശം ചെയ്യുന്നില്ല. സത്-ധർമ്മത്തിന്റെ സ്ഥാപന, അനേക ധർമ്മങ്ങളുടെ വിനാശം സംഗമയുഗത്തിൽ മാത്രമാണ് നടക്കുന്നത്. താഴ്ന്ന കലയിലെത്തുമ്പോഴാണ് ബാബ വരുന്നത്. ഉയർന്ന കല ഒരു പ്രാവശ്യം മാത്രമേ ഉണ്ടാകുന്നുള്ളൂ. ഇതിനെക്കുറിച്ചും ഒരു ശ്ലോകമുണ്ട് -കുട്ടിക്കാലത്ത് പഠിച്ചിരുന്നു. ഗുരു നാനാക്കും പറഞ്ഞിട്ടുണ്ട് - എല്ലാവരും നിന്ദകരാണ്, കപടരാണ്. ആരും പവിത്രമായിരിക്കുന്നില്ല. സിഖ് ധർമ്മത്തിൽ അകാലികളുണ്ട്, അവരിൽ കറുത്ത ചക്രവും കാണിക്കുന്നു. ഇത് സ്വദർശന ചക്രമാണ്. ഇതും പവിത്രതയുടെ അടയാളമാണ്. വളകളുമിടാറുണ്ട്, ഇതും പവിത്രതയുടെ അടയാളമാണ്. എന്നാൽ അവർ ഇതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല, പവിത്രമായും ഇരിക്കുന്നില്ല. പൂണൂലും പവിത്രതയുടെ അടയാളമാണ്. ഇന്നാണെങ്കിൽ എല്ലാം ഉപേക്ഷിച്ചിരിക്കുകയാണ്. ബ്രാഹ്മണകുലമാണ് സർവ്വ ശ്രേഷ്ഠം, ഇതിൽ വലിയ കുടുമി വെക്കുന്നു. എന്നാൽ ആരും പവിത്രമായിരിക്കുന്നില്ല. പതിത-പാവനൻ ഒരേയൊരു പരമാത്മാവാണ്, വന്ന് സർവ്വരേയും പാവനമാക്കിമാറ്റുന്നു. ബുദ്ധൻ, ക്രിസ്തു മുതലായവരൊന്നും പതിത-പാവനന്മാരല്ല. അല്ല, ലോകത്തിൽ അനേക ഗുരുക്കന്മാരുണ്ട് - പഠിപ്പക്കുന്നവർ. എന്നാൽ സർവ്വരുടേയും പതിത-പാവനൻ ഒരേയൊരാളാണ്. സർവ്വരേയും പാവനമാക്കി, കൂടെക്കൊണ്ടു പോകാനാണ് ഞാൻ വന്നിരിക്കുന്നത്. ജ്ഞാനസാഗരനോടൊപ്പം സഹായികളായി നിങ്ങൾ ജ്ഞാന ഗംഗകളാണ്. ഗംഗാ നദിയെ ദേവിയായും ചിത്രം വെക്കുന്നു. എന്നാൽ വാസ്തവത്തിൽ ജ്ഞാനഗംഗകൾ നിങ്ങളാണ്. എന്നാൽ നിങ്ങളുടെ പൂജ ഇപ്പോൾ നടക്കുന്നില്ല, എന്തുകൊണ്ടെന്നാൽ നിങ്ങളിപ്പോൾ പൂജയ്ക്ക് യോഗ്യരായി മാറിക്കൊണ്ടിരിക്കുകയാണ്. പൂജാരിയിൽ നിന്ന് പൂജ്യരായി മാറിക്കൊണ്ടിരിക്കുകയാണ്, പിന്നെ നിങ്ങളുടെ പൂജാരി അവസ്ഥ ഇല്ലാതാകും. ബാബ ഈ രഹസ്യം മനസ്സിലാക്കിത്തരുകയാണ്, എന്നാൽ ചിലരുടെ ബുദ്ധിയിൽ ഇതൊന്നും ഇരിയ്ക്കുന്നില്ല. ഓരോ ചുവടും ബാബയുടെ ശ്രീമതപ്രകാരം നടക്കണം. ദേഹാഭിമാനം ഉപേക്ഷിച്ചുകൊണ്ടിരിയ്ക്കൂ. ഈ ബന്ധുമിത്രാദികളെല്ലാം തന്നെ നഷ്ടപ്പെടാൻ പോകുകയാണ്. നമ്മളെല്ലാവരും ഇവിടെ നിന്ന് പോകും, എന്നാൽ ലോകമുണ്ടായിരിയ്ക്കുമല്ലോ. ബാബ പറയുകയാണ്, ഞാൻ പുതിയ സൃഷ്ടിയുടെ രചയിതാവാണ്, പക്ഷെ ഞാൻ വരുന്നത് പതിത ലോകത്താണല്ലോ; അതുകൊണ്ടാണ് എന്നെ പതിത പാവനൻ എന്നു പറയുന്നത്, അപ്പോൾ ലോകം തീർച്ചയായും പതിതമായിരിക്കും. പാവന ലോകത്ത് പതിതർ ഉണ്ടാകുകയില്ല. പരമാത്മാവിന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യേണ്ടതുണ്ട്, അതുകൊണ്ടാണ് അദ്ദേഹത്തെ ഹെവൻലി ഗോഡ് ഫാദർ എന്നു പറയുന്നത്. ക്രിസ്തു സ്വർഗ്ഗം സ്ഥാപിക്കുന്നില്ല. ശരിയാണ്, ആ സമയത്ത് വരുന്ന ആത്മാക്കളെല്ലാം സതോപ്രധാനമാണ്, ബാക്കി വേറെയാരും പതിതരിൽ നിന്ന് പാവനമാക്കി മാറ്റുന്നില്ല. നിങ്ങൾ കുട്ടികളിപ്പോൾ യാതൊരു വികർമ്മവും ചെയ്യരുത്. ദേഹാഭിമാനം കാരണമാണ് വികർമ്മങ്ങളുണ്ടാകുന്നത്. എല്ലാകൂട്ടുകെട്ടുകളുമുപേക്ഷിച്ച് ഒരു ബാബയുടെ കൂടെ ഇരിക്കുന്നതിന്റെ ഗ്യാരന്റി നിങ്ങൾ ചെയ്യുകയാണ്. നിങ്ങളുടെ പ്രതിജ്ഞ നിങ്ങൾ നിറവേറ്റൂ. അല്ലെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും. ഗ്രന്ഥത്തിലും പറയുന്നു, ഉയരുന്ന കലയിലൂടെ സർവ്വരുടേയും നന്മയുണ്ടാകു

ന്നു. വാക്കുകൾ വളരെ ശരിയാണ്, പക്ഷെ പഠിച്ചതെല്ലാം അവർക്ക് മറക്കേണ്ടിവരുന്നു. ബാബയ്ക്കാണെങ്കിൽ എല്ലാകുട്ടികളുടെയും പേര് ഓർമ്മയില്ല, എന്തുകൊണ്ടെന്നാൽ ശിവബാബയെ ഓർമ്മിക്കണം, അതുകൊണ്ട് ബാബ പറയുകയാണ്, സന്തോഷമായിരിയ്ക്കൂ, സമ്പന്നമായിരിയ്ക്കൂ, മറക്കരുത് ......എന്നാൽ സേവാധാരികുട്ടികളെ ബാബ തീർച്ചയായും ഓർമ്മിക്കുന്നു. ധനവാന്മാരെല്ലാം ഘോരമായ അന്ധകാരത്തിലാണ്. മരണം മുന്നിൽ നിൽക്കുകയാണെന്ന് ആർക്കും അറിയില്ല. ഭഗവാനു വാചാ – ഞാൻ രാജയോഗം പഠിപ്പിക്കുകയാണെങ്കിൽ തീർച്ചയായും ജ്ഞാനം കൊണ്ട് ഗോഡസ് ഓഫ് വെൽത്ത്(ധനലക്ഷ്മി) ആയിമാറുന്നു. നമ്പർവാറനുസരിച്ച്, മുഴുവൻ രാജധാനിയുടേയും സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ കുട്ടികൾക്കറിയാം നമ്മളെല്ലാവരും പഠിച്ചുകൊണ്ടിരിക്കുന്നതും നമ്പർവാർ തന്നെ. ബാബ പറയുകയാണ് ഞാൻ രാജധാനി സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. അനേക ധർമ്മങ്ങളുടെ വിനാശം ചെയ്യിപ്പിക്കുന്നു. പരമ സത്ഗുരു ഒന്നു മാത്രമാണ്. അത് ഉയർന്നതിലും ഉയർന്ന ഭഗവാനാണ് മഹിമയുള്ളത്. ഉയർന്നതിലും ഉയർന്ന ബ്രഹ്മാ–വിഷ്ണു–ശങ്കരന്മാരെയും ഭഗവാൻ എന്ന് പറയുകയില്ല, പിന്നെ രാമ–കൃഷ്ണനെ എങ്ങിനെ ഭഗവാൻ എന്നു പറയും. ഭഗവാൻ ജ്ഞാനസാഗരനും പതിത–പാവനനുമാണ്. ഭക്തർ ഭഗവാനെയാണ് ഓർമ്മിക്കുന്നത്, ബ്രഹ്മാ–വിഷ്ണു–ശങ്കരന്മാരെയല്ല. ഇപ്പോഴാണെങ്കിൽ വ്യഭിചാരി ഓർമ്മയായി മാറിയിരിക്കുകയാണ്. എത്ര നല്ല നല്ല കാര്യങ്ങളാണ് ധാരണ ചെയ്യാനിരിക്കുന്നത്. ആര് ചെയ്യുന്നുവോ, അവർക്ക് ലഭിക്കുന്നു. നിങ്ങളാണ് ജ്ഞാന ഗംഗകൾ. നിങ്ങളാണ് നദീതീരങ്ങൾ. സാഗരത്തിന് എങ്ങോട്ടും പോകാൻ കഴിയുകയില്ല. എന്നാൽ അത് ജഢസാഗരമാണ്, ഇത് ചൈതന്യമാണ്. അതിൽ ഒരു കൊടുങ്കാറ്റിന്റെ തിരയടിക്കുകയാണെങ്കിൽ വളരെയധികം നഷ്ടമുണ്ടാകുന്നു. വിനാശ സമയത്ത് വളരെ ശക്തിയായ കൊടുങ്കാറ്റുകളുണ്ടാകും, ഭൂഖണ്ഡങ്ങൾ–ദ്വീപുകൾ എല്ലാം തന്നെ നാമാവശേഷമാകും. ഇതിന് സമയമൊന്നും വേണ്ടിവരില്ല. ജനങ്ങൾ പ്രകൃതി ക്ഷോഭങ്ങളെ ഈശ്വരീയ പ്രവൃത്തിയാണെന്നു പറയുകയാണ്. അതുകൊണ്ടാണ് പറയുന്നത് ശങ്കരനിലൂടെ വിനാശ പ്രക്രിയ നടക്കുന്നു എന്ന്. പക്ഷെ ബാബ പറയുകയാണ് ഞാൻ അങ്ങിനെയുള്ള നിർദ്ദേശങ്ങളൊന്നും ആർക്കും നൽകുന്നില്ല. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. കൊടുങ്കാറ്റ്, പ്രകൃതി ക്ഷോഭം അതെല്ലാം അവരുടെ ജോലി ചെയ്യും. കല്പ–കല്പം ഈ പ്രകൃതിക്ഷോഭങ്ങളെല്ലാം വരിക തന്നെ ചെയ്യും, എല്ലാ ഖണ്ഡങ്ങളും ഇല്ലാതാകും. ബാക്കി ഒരു ഭാരതം മാത്രമുണ്ടാകും. അതിനുള്ള തയ്യാറെടുപ്പുകൾ നടന്നു കൊണ്ടിരിക്കുക്കയാണ്. റിഹേഴ്സലുകൾ നടന്നുകൊണ്ടേയിരിക്കും. പ്രകൃതിയുടെ ഈ കളിയും ഡ്രാമയിലുള്ളതാണ്.

നിങ്ങൾ ശിവശക്തികൾക്ക് എവിടേയും ഇങ്ങനെ പറഞ്ഞുകൊടുക്കാൻ കഴിയും, അതായത്, നിങ്ങൾ ശാന്തി സ്ഥാപനചെയ്യാൻ ആഗ്രഹിക്കുന്നുണ്ട്, പക്ഷെ നിങ്ങൾക്കറിയാമോ എവിടെയാണ് ശാന്തിയുള്ളതെന്ന്? സുഖം എവിടെയാണുള്ളത്, ദുഃഖം എവിടെയാണ് – ഈ കാര്യങ്ങളെല്ലാം അറിഞ്ഞിരിക്കേണ്ടതാണ്. ഇപ്പോൾ ദുഃഖത്തിന്റെ ലോകമാണ്, ഈ ഭാരതം സുഖത്തിന്റെ ലോകമായിരുന്നു. ആദി സനാതന ദേവി–ദേവതകളുടെ രാജ്യമായിരുന്നു. കലിയുഗം ദുഃഖധാമമാണ്, ഇതിന്റെ വിനാശം തീർച്ചയായും നടക്കണം. ആദ്യം വിനാശം നടന്ന്, പിന്നെ പുതിയതായി തുടങ്ങണം. മദ്ധ്യത്തിൽ അനേക ധർമ്മങ്ങളുണ്ട്. സത്യയുഗത്തിൽ ഒരേയൊരു ധർമ്മമേയുണ്ടായിരുന്നുള്ളൂ. ഇത് ഡ്രാമയുടെ ചക്രമാണ്. ഇതിൽ മുഖ്യമായി 4 ധർമ്മങ്ങളുണ്ട്. ഒരു ധർമ്മത്തിന്റെ പാദം നഷ്ടപ്പെട്ടിരിക്കുകയാണ്. ദേവതാ ധർമ്മം സ്ഥാപിക്കുന്നത് ആരാണെന്ന് പറയൂ? പരമപിതാ പരമാത്മാ ബ്രഹ്മാവ് മുഖേനയാണ് സ്ഥാപന ചെയ്യിപ്പിക്കുന്നത്. വാസ്തവത്തിൽ നിങ്ങളും പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളാണ്, ശിവന്റെയും കുട്ടികളാണ്. ബ്രഹ്മാവിന്റെ കുട്ടികളാവുക കാരണം അന്യോന്യം സഹോദരീ–സഹോദരന്മാരാണ്. നിങ്ങൾക്കറിയാം നാം ബാബയുടേതായി മാറിയിരിക്കുകയാണ്. പരമപിതാ പരമാത്മാവ് ആദ്യം ബ്രാഹ്മണധർമ്മം രചിക്കുന്നു. ബ്രാഹ്മണ ധർമ്മമാണ് ഏറ്റവും ഉയർന്നത്, ബാക്കി ധർമ്മങ്ങളെല്ലാം പിന്നീട് വന്നതാണ്, നമ്പർവാർ. അവസാനം നിങ്ങളുടെ പ്രത്യക്ഷത തീർച്ചയായും ഉണ്ടാകും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1. ജ്ഞാനത്തിന്റെ ധാരണയ്ക്ക് കഴിയുന്നത്രയും ദേഹീ–അഭിമാനിയായിരിക്കണം. രാത്രിയിലെഴുന്നേറ്റ് അശരീരിയായിരിയ്ക്കുന്നതിന്റെ അഭ്യാസം ചെയ്യണം.

2. എന്തുതന്നെയായാലും ദിവസേന മുരളി വായിക്കണം. ഒരു ദിവസം പോലും മുരളി കേൾക്കാതിരിക്കരുത്. മറ്റെല്ലാ കൂട്ടുകെട്ടുകളും വിട്ട് ബാബയുടെ കൂടെ ഇരിക്കുന്നതിന്റെ പ്രതിജ്ഞ ചെയ്യണം.

## വരദാനം:- ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്ത് പറക്കുന്ന കലയിൽ പറക്കുന്നവരായ ഡബിൾ ലൈറ്റ് ആയി ഭവിക്കട്ടെ.

സദാ ഓർമ്മയിൽ വെക്കൂ നാം ബാബയുടെ നയനങ്ങളിലെ നക്ഷത്രങ്ങളാണ്, നയനങ്ങളിലെ നക്ഷത്രം അർത്ഥം ബിന്ദു തന്നെയാണ് അടങ്ങിയിട്ടുള്ളത്. കണ്ണുകളിലേക്ക് നോക്കുന്നതിന്റെ വിശേഷതയും ബിന്ദുവിന്റേതാണ്. അതിനാൽ ബിന്ദുരൂപത്തിൽ ഇരിക്കുക-ഇത് തന്നെയാണ് പറക്കുന്ന കലയിൽ പറക്കുന്നതിനുള്ള മാർഗ്ഗം. ബിന്ദുവായി ഓരോ കർമ്മവും ചെയ്യൂ എങ്കിൽ ലൈറ്റായിരിക്കാം. ഏതൊരു ഭാരവും വഹിക്കുന്ന ശീലം ഉണ്ടാകരുത്. എന്റെ എന്നതിന് പകരം നിന്റെ എന്ന് പറയൂ എങ്കിൽ ഡബിൾ ലൈറ്റ് ആയി മാറും. സ്വ ഉന്നതിയുടെയോ വിശ്വസേവയുടെ കാര്യത്തിന്റേയോ പോലും ഭാരം അനുഭവപ്പെടുകയില്ല.

## സ്ലോഗൻ:- വിശ്വപരിവർത്തകർ അവരാണ് ആരാണോ നെഗറ്റിവിനെ പോസിറ്റിവിലേക്ക് പരിവർത്തനം ചെയ്യുന്നവർ.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് വേണ്ടി –** ദേഹത്തിന്റെ സ്മൃതിയെ ഇപ്രകാരം ഉപേക്ഷിച്ചുകൊണ്ടിരിക്കൂ, അതിലൂടെ ദേഹബോധത്തിന്റെ, ദിന-രാത്രങ്ങളുടെ, വിശപ്പ്-ദാഹത്തിന്റെ, സുഖത്തിന്റെ, വിശ്രമത്തിനുള്ള വസ്തുക്കളുടെ ഏതെങ്കിലും കാര്യങ്ങളുടെ ആധാരത്തിലുള്ള ജീവിതമായിരിക്കരുത്, അപ്പോൾ പറയാം സ്നേഹത്തിൽ അലിഞ്ഞു ചേർന്ന സ്ഥിതി. എപ്രകാരം പ്രകാശം(ബാബ) ജ്യോതിസ്വരൂപമാണോ, ലൈറ്റ് മൈറ്റ് രൂപമാണോ, അതേപോലെ പ്രകാശത്തിന് സമാനം സ്വയവും ലൈറ്റ്-മൈറ്റ് രൂപമായി മാറൂ.